കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ നിയമനം

135 (1274) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ അടുത്തിടെ നിയമനം നടത്തുകയുണ്ടായോ ;

(ബി) ഇതിലേയ്ക്ക് എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇന്റർവ്യൂവിൽ എത്ര പേരെ വിളിച്ചിരുന്നു ;

(ഡി) റാങ്ക് ലിസ്റ്റിൽപ്പെട്ടവരുടെ പേരുവിവരം വെളിപ്പെടുത്താമോ ;

(ഇ) നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ&എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കോലഞ്ചേരിക്കടവ് പാലം

136 (1277) ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ മുളന്തുരുത്തി പഞ്ചായത്തിനേയും ഉദയംപേരൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കോലഞ്ചേരിക്കടവ് എന്ന സ്ഥലത്ത് ഒരു പാലം നിർമ്മിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പാലത്തിനും നടക്കാവ്-മുളന്തുരുത്തി റോഡിനും ഭരണാനുമതി നൽകിയത് എന്നാണ് ;

(സി) എത്ര രൂപയ്ക്കായിരുന്നു ഭരണാനുമതി നൽകിയത് ;

(ഡി) ഇതിന് റിവൈസ്ഡ് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഇ) റിവൈസ്ഡ് ഭരണാനുമതി വേണ്ടിവന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(എഫ്) എത്ര രൂപയ്ക്കാണ് റിവൈസ്ഡ് ഭരണാനുമതി നൽകിയത് ;

(ജി) എന്നാണ് റോഡ് നിർമ്മാണം ആരംഭിച്ചത്; എന്ന് നിർമ്മാണം പൂർത്തിയായി ;

(എച്ച്) പാലം നിർമ്മാണം എന്ന് ആരംഭിച്ചു എന്ന് പൂർത്തിയാക്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലത്തിന് 21-1-1995-ലും റോഡിന് 16-3-1991-ലും ഭരണാനുമതി നൽകി.

(സി) 56 ലക്ഷം രൂപയ്ക്ക്.

(ഡി) നൽകിയിട്ടുണ്ട്.

(ഇ) പദ്ധതിയുടെ നടത്തിപ്പിന്റെ ശരിയായ പൂർത്തീകരണത്തിനാണ് പുതുക്കിയ ഭരണാനുമതി ആവശ്യമായി.വന്നത്.

(എഫ്) 154 ലക്ഷം രൂപയ്ക്ക്.

(ജി) ആദ്യഘട്ടം 7-4-1994-ൽ ആരംഭിച്ചു. 4-7-1996-ൽ പൂർത്തിയാക്കി. രണ്ടാംഘട്ടം 4-4-1994-ൽ ആരംഭിച്ചു 20-6-1995-ൽ പൂർത്തിയാക്കി.

(എച്ച്) 22-8-1995-ൽ ആരംഭിച്ചു. 6-12-1997-ൽ പൂർത്തിയാക്കി.

കുഴൽമന്ദം പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് ഭരണാനുമതി

137 (1292) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ കോട്ടായി പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഭരണാനുമതി നൽകാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ; കെട്ടിടം പണിയുന്നതിന് ആവശ്യമായ തുക നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) എന്നത്തേയ്ക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു. ഭരണാനുമതി നൽകി ആവശ്യമായ ഫണ്ടും ലഭ്യമായാലേ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ.

ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ പണി

138 (1293) ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിലെ കണച്ചിപ്പരുത-പുല്ലൻപരുത, കുണ്ടുംകാട്-ചിറ്റടി, വാഴക്കോട്-ആലത്തൂർ, ഇരട്ടക്കുളം-വാണിയംപാറ എന്നീ റോഡുകളുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ റോഡുകളുടെ പണികൾക്കാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) ഈ റോഡുകളുടെ പണികൾക്കായി എത്ര രൂപവീതം അനുവദിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത റോഡുപണികൾക്കാവശ്യമുള്ള തുക നടപ്പുസാമ്പത്തിക വർഷം വകയിരുത്തി പണി ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly